# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4059 — 03.02.2014-ൽ മറുപടിക്ക്

## പേ വിഷത്തിനെതിരെയുള്ള കത്തിവയ്പ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാജു : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) പേ വിഷത്തിനെതിരെയുള്ള കത്തിവയ്പ്പ് ഏതെല്ലാം സർക്കാർ ആശുപത്രികളിലാണ് നടത്തിവരുന്നത് ; ഏത് തരം വാക്സിനാണ് നിലവിൽ ആശുപത്രികളിൽ കത്തിവയ്ക്കുന്നത് ; പല സർക്കാർ ആശുപത്രികളിലും പ്രസ്തുത കത്തിവയ്പ്പ് ലഭ്യമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | (എ) കേരള സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും ഉള്ള ജില്ലാ - ജനറൽ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും ചില പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ആണ് പേവിഷത്തിന് എതിരെയുള്ള കത്തിവയ്പ്പ് നടത്തി വരുന്നത്. കൂടാതെ സർക്കാർ മെഡിക്കൽ കോളേജുകളിലും ഇതിന് സൗകര്യമുണ്ട്. തൊലിയിൽ പ്രതിരോധ വാക്സിൻ കുത്തിവയ്ക്കുന്ന, ഇൻട്രാ ഡെർമൽ റാബീസ് വാക്സിനേഷൻ അഥവാ ഐ.ഡി.ആർ.വി. യാണ് പേവിഷത്തിനെതിരെയുള്ള നിലവിലുള്ള കത്തിവയ്പ്പ്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി ഇതിന് ആവശ്യമായ വാക്സിനും സീറവും ജില്ലകൾക്ക് ആവശ്യത്തിന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇപ്പോൾ വാക്സിന് ദൗർലഭ്യമില്ല. |
| (ബി) മുഴുവൻ സർക്കാർ ആശുപത്രികളിലും പേ വിഷത്തിനെതിരെയുള്ള കത്തിവയ്പ്പിനുള്ള സൗകര്യം 24 മണിക്കൂറും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) പേവിഷത്തിന് എതിരെയുള്ള പരിശോധനയ്ക്കും കത്തിവയ്പ്പിനും ചികിത്സയ്ക്കും ഒരു ഡോക്ടറുടെ സാന്നിദ്ധ്യം ആവശ്യമാണ്. അതിനാൽ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും 24 മണിക്കൂറും ഇതിനുള്ള സംവിധാനം ഒരുക്കുന്നത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ